**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** — **13-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | മലബാർ ദേവസ്വം ബോർഡിലെ ശമ്പളപരിഷ്കരണ ഉത്തരവ് എന്നാണിറക്കിയതെന്നും ആയത് നടപ്പാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരം നല്കാമോ; | (എ) | 12.02.2021 തീയതിയിലെ GO(Ms)57/2021/റവ നമ്പർ ഉത്തരവ് പ്രകാരമാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളത്. ശമ്പളപരിഷ്കരണം നടത്തുന്നതിനുള്ള ശമ്പള ഫിക്സേഷൻ റൂൾ അംഗീകരിച്ച് GO(Ms) No.161/2021 തീയതി 18.08.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14.09.2021 ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്. |
| (ബി) | ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണമെന്താണെന്നും എന്ന് മുതൽ പുതുക്കിയ നിരക്കിൽ ശമ്പളം വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ; | (ബി) | 12.02.2021 തീയതിയിലെ GO(Ms)57/2021/റവ നമ്പർ ഉത്തരവ് പ്രകാരമാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളത്. ശമ്പളപരിഷ്കരണം നടത്തുന്നതിനുള്ള ശമ്പള ഫിക്സേഷൻ റൂൾ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച് GO(Ms) No.161/2021 തീയതി 18.08.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14.09.2021 ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്. |
| (സി) | ക്ഷാമബത്ത അനുവദിക്കുമ്പോഴുള്ള അനോമലിയിൽ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നോ എന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ; തുടർനടപടികൾ എന്തായിരിക്കുമെന്നത് അറിയിക്കാമോ; | (സി) | ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക (14) പ്രകാരം, പരിഷ്കരിച്ച ശമ്പളത്തോടൊപ്പം അനുവദിക്കേണ്ട ക്ഷാമബത്ത തീരുമാനിക്കുന്നത് മലബാർ ദേവസ്വം ബോർഡ് ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്ഷാമബത്ത നിർണ്ണയം ശമ്പള പരിഷ്കരണ അനോമലിയുടെ ഭാഗമല്ലാത്തതിനാൽ, ഇക്കാര്യത്തിൽ അനോമലി കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 01.01.2019മുതൽ ക്ഷേത്ര ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് തീരുമാനമെടുത്ത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത് എപ്പോഴാണെന്നും എത്ര പ്രാവശ്യം ബോർഡിൽ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | 2008 ഒക്ടോബർ 2 നാണ് മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നത്. താഴെ പറയും പ്രകാരം രണ്ട് പ്രാവശ്യം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. 1) GO(Ms)No. 116/2009/RD തീയതി 28.02.2009. - 01.03.2009 മുതൽ പ്രാബല്യത്തിൽ. 2) GO(Ms)No. 57/2021/RD തീയതി 12.02.2021 - 01.01.2019 മുതൽ പ്രാബല്യത്തിൽ |
| (ഇ) | വരുമാനം കുറഞ്ഞ ക്ഷേത്ര ജീവനക്കാർക്ക് ബോർഡിന്റെ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ശമ്പളം | (ഇ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള, വാർഷിക അസസ്സിബിൾ വരുമാനം 20ലക്ഷത്തിന് താഴെയുള്ള |

| | | | |
|---|---|---|---|
| | നൽകാറുണ്ടോ എന്ന് അറിയിക്കാമോ; ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | | ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം അനുവദിക്കുന്നുണ്ട്. ഇത്തരം ക്ഷേതങ്ങളിൽ വാർഷിക അസസ്സിബിൾ വരുമാനത്തിന്റെ 50% തുക ജീവനക്കാരുടെ ശമ്പളത്തിനായി നീക്കിവച്ചിട്ടും പൂർണ്ണമായ ശമ്പളത്തിന് തികയാതെ വരുന്ന സംഖ്യയാണ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നത്. പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് മാനേജ്മെന്റ് ഫണ്ട് പ്രവർത്തിക്കുന്നത്. മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള ശമ്പള ധനസഹായം നാല് മാസം കൂടുമ്പോഴോ അല്ലെങ്കിൽ വർഷത്തിൽ ഒരുമിച്ചോ ആണ് വിതരണം ചെയ്യുന്നത്. ഈ ഇനത്തിൽ ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം നീക്കിവയ്ക്കപ്പെട്ട തുക, ഗഡുക്കളായാണ് സർക്കാരിൽ നിന്നും അനുവദിക്കപ്പെടുന്നത് ആയതിനാൽ കുടിശ്ശിക ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ